# തിരുവത്താഴ ആരാധനക്രമം

സഭ പരിശുദ്ധാത്മാവിനോടുള്ള അപേക്ഷയായിട്ട് ഒരു പാട്ടു പാടണം. സഭ എഴുന്നേറ്റിട്ട് ശുശ്രൂഷകൻ പീഠത്തിങ്കൽ നിന്നു സഭയെ നോക്കി പാടേണ്ടത്:



പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും | നാ മ ത്തിൽ.

സഭ:



ആ - - മേൻ.

## പാപം ഏറ്റു പറച്ചിൽ *(THE CONFESSION OF SINS)*

ശുശ്രൂ:



കർത്താവിൽ പ്രിയം | ഉള്ള വ രേ,



പരമാർത്ഥ ഹൃദയത്തോടെ | അടു ത്തു വ ന്നു



നമ്മുടെ പിതാവായ ദൈവത്തോടു നമ്മുടെ പാപങ്ങളെ | ഏ റ്റു പറ കയും



നമ്മുടെ കർത്താവായ യേശുക്രിസ്തുവിൻ | നാ മ ത്തിൽ



നമുക്കു പാപക്ഷമ നല്കണമെന്ന് അപേക്ഷിക്കയും | ചെ യ്യു ക.

ശുശ്രൂഷകൻ : (പീഠത്തിങ്കലേക്കു തിരിഞ്ഞ്)



നമ്മുടെ സഹായം യഹോവയുടെ നാമത്തിൽ | ഉ ള്ള ത്

സഭ:



ആകാശത്തെയും ഭൂമിയെയും ഉണ്ടാക്കിയതു | അവ ന ല്ലോ.

ശുശ്രൂ:



എൻ ലംഘനങ്ങളെ യഹോവയോടു ഏറ്റുപറയും എന്നു ഞാൻ | പ റ ഞ്ഞു.

സഭ:



അപ്പോൾ നീ എന്റെ പാപത്തിന്റെ കുറ്റം | ക്ഷമിച്ചു ത ന്നു.

സഭയും ശുശ്രൂഷകനും മുട്ടുകുത്തിക്കൊണ്ട് ചൊല്ലേണ്ടത്:

കരുണയുള്ള ദൈവമേ, അരിഷ്ട പാപിയായ ഞാൻ നിന്റെ മുമ്പിൽ താഴ്ത്തി, നിന്റെ കൃപയും ക്ഷമയും യാചിക്കുവാനായി അടുത്തു വരുന്നു. ഞാൻ മനസ്സുകൊണ്ടും വാക്കുകൊണ്ടും പ്രവൃത്തികൊണ്ടും ബഹുവിധമായ പാപങ്ങൾ ചെയ്തിരിക്കുന്നു എന്ന് ദുഃഖത്തോടെ ഏറ്റു പറയുന്നു. ഹാ, ദയയുള്ള കർത്താവേ, എന്നെ ന്യായമായി തള്ളിക്കളയേണ്ട നരകത്തിൽ ഇടരുതേ. ദൈവമേ എന്റെ രക്ഷിതാവായ യേശുക്രിസ്തുവിന്റെ കഷ്ട മരണങ്ങൾ നിമിത്തം ഞാൻ ചെയ്ത പാപങ്ങളെല്ലാം ക്ഷമിച്ചു എന്നെ രക്ഷിക്കേണമേ. ഞാൻ വീണ്ടും പാപത്തിന്നായി പരീക്ഷിക്കപ്പെട്ടാൽ എന്നെ അതിനു വിടാതെ, അതിനെ വെറുക്കുന്നതിനും നിന്റെ പ്രിയ പൈതലായി നടക്കുന്നതിനും പരിശുദ്ധാത്മാവിനാൽ എനിക്കു ബുദ്ധിയും ശക്തിയും തരേണമേ. ഒടുവിൽ ഞാൻ മരിക്കുമ്പോൾ നിന്റെ സ്വർഗരാജ്യത്തിൽ വന്നുചേരുവാൻ എന്നെ ഒരുക്കേണമേ. ആമേൻ.

സഭ മുട്ടുകുത്തിക്കൊണ്ടിരിക്കെ ശുശ്രൂഷകൻ എഴുന്നേറ്റു സഭയെ നോക്കി ചൊല്ലേണ്ടത്:

ഞാൻ ഇപ്പോൾ ദൈവത്തിന്റെ മുമ്പാകെ നിങ്ങളോടു ചോദിക്കുന്നത്:

നിങ്ങളുടെ പാപം സംബന്ധിച്ച് നിങ്ങൾ മനഃപൂർവമായി അനുതപിക്കുന്നു എന്നും, നിങ്ങൾ യേശു ക്രിസ്തുവിൽ വിശ്വസിക്കുന്നു എന്നും, പരിശുദ്ധാത്മാവിന്റെ സഹായംകൊണ്ട് നിങ്ങളുടെ പാപമുള്ള നടപ്പിനെ ഇതു മുതൽ നന്നാക്കും എന്നും ഉള്ളതു നിങ്ങളെല്ലാവരുടെയും സത്യമായ ഏറ്റുപറച്ചിൽ തന്നെയോ ? തന്നെ എങ്കിൽ അതെ എന്നു പറയണം.

സഭ: അതെ.

ശുശ്രൂ: വിളിക്കയും നിയമിക്കയും ചെയ്യപ്പെട്ട ശുശ്രൂഷകനായിരിക്കുന്ന ഞാൻ നിങ്ങളുടെ ഈ ഏറ്റു പറച്ചിലിന്മേൽ ദൈവത്തിന്റെ കൃപയെ നിങ്ങളെല്ലാവരെയും അറിയിക്കുന്നു. അതായത്, എന്റെ കർത്താവായ യേശു ക്രിസ്തുവിന്റെ കല്പനയ്ക്ക് അനുസരണമായും യേശുക്രിസ്തുവിനു പകരമായും പിതാവിന്റെയും (†) പുത്രന്റെയും (†) പരിശുദ്ധാത്മാവിന്റെയും(†) നാമത്തിൽ ഞാൻ നിങ്ങളുടെ എല്ലാ പാപങ്ങളെയും ക്ഷമിക്കുന്നു.

സഭ:




## ആരംഭവാക്യം ( *INTROIT* )

അതതു ഞായറാഴ്ചകൾക്കും വിശേഷ ദിവസങ്ങൾക്കും കുറിക്കപ്പെട്ടിട്ടുള്ള ആരംഭവാക്യം ശുശ്രൂഷകനും സഭയും മാറി മാറി പാടണം. (പുറം 56 കാണുക)

## ത്രിത്വസ്തുതി *(GLORIA PATRI)*

സഭ:

